**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2156** **05-02-2026 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിൽ ഫയർ ആൻഡ് റെസ്ക്യൂ വകുപ്പിന്റെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിൽ മുൻ സർക്കാരിന്റേയും ഈ സർക്കാരിന്റേയും കാലയളവിൽ ഫയർ&റെസ്ക്യൂ വകുപ്പിന്റെ നവീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | പാലക്കാട് റീജിയണൽ ഫയർ ഓഫീസ് & ജില്ലാ ഫയർ ഓഫീസ് പ്രവർത്തിക്കുന്നതിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നല്കി നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു. ഈ കെട്ടിടത്തിൻ്റെ രണ്ടാം നിലയിൽ കോൺഫറൻസ് ഹാളും റെസ്റ്റ് റൂമും നിർമ്മിക്കുന്നതിന് 53ലക്ഷം രൂപയുടെ ഭരണാനുമതി നല്കി തുടർനടപടികൾ സ്വീകരിച്ചു വരുന്നു. കൊല്ലങ്കോട്, കോങ്ങാട്, പട്ടാമ്പി എന്നീ അഗ്നിരക്ഷാ നിലയങ്ങൾ 26.02.2021-ന് നിലവിൽ വന്നു. ഇവയ്ക്കായി 13 പുതിയ തസ്തികകൾ സൃഷ്ടിച്ചു. കൊല്ലങ്കോട് നിലയത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിന്നും 320 ലക്ഷം രൂപ വകയിരുത്തി കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയും ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. കോങ്ങാട് അഗ്നിരക്ഷാ നിലയത്തിൻ്റെ കെട്ടിട നിർമ്മാണത്തിനായി 253 ലക്ഷം രൂപയുടെ ഭരണാനുമതി നല്കി. നിർമ്മാണ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. പട്ടാമ്പി ഫയർ ആൻ്റ് റെസ്ക്യൂ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് 300 ലക്ഷം രൂപയുടെ ഭരണാനുമതി നല്കി. കെട്ടിട നിർമ്മാണം നടന്നുവരുന്നു. ചിറ്റൂർ നിലയത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി 10 ലക്ഷം രൂപ അനുവദിക്കുകയും പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തു. വനിതാ ജീവനക്കാർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്. വാർഷിക പദ്ധതിയിനത്തിലെ ഫണ്ടുപയോഗിച്ച് ലഭ്യമാക്കിയ പുതിയ അഗ്നിശമന രക്ഷാ വാഹനങ്ങളിലും ഉപകരണങ്ങളിലും ആവശ്യമായ വിവിധ എക്വിപ്മെന്റ് പാലക്കാട് ജില്ലയിലെ വിവിധ അഗ്നിരക്ഷാ നിലയങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ